## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.192

## 06-12-2018 - ലെ മറുപടിക്ക്

### പദ്ധതി വിഹിതത്തിലെ നിയന്ത്രണം

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ. എൻ.ജയരാജ് | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) ഈ സാമ്പത്തിക വർഷത്തിൽ പ്രളയക്കെടുതി മൂലം പദ്ധതി വിഹിതം വെട്ടികുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | പ്രളയ കെടുതിയുടെ പശ്ചാത്തലത്തിൽ നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% വെട്ടിക്കുറയ്ക്കുന്നതിന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) ചെലവ് വെട്ടിക്കുറയ്ക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; | സാമ്പത്തിക അച്ചടക്കം ഉറപ്പ വരുത്തുന്നതിന്റേയും, ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രബല്യത്തിലുണ്ട്. |
| സി) ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന രീതിയിൽ പദ്ധതികൾ വെട്ടിച്ചുരുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കുമോ; | പദ്ധതി വെട്ടിച്ചുരുക്കുന്നത് കാരണം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെയും, ജലവിഭവ വകുപ്പിനെയും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് പദ്ധതികളേയും പദ്ധതി വെട്ടിച്ചുരുക്കലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കാർഷിക മേഖലയെ പ്രളയകെടുതി ഏറെ ബാധിച്ചിട്ടുള്ളതിനാൽ കൃഷി വകുപ്പിന് പദ്ധതി വെട്ടിച്ചുരുക്കലിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളും അവയുടെ സംസ്ഥാന വിഹിതവും, EAP, NABARD സ്കീമുകൾ എന്നിവയേയും 20% പദ്ധതി വെട്ടിച്ചുരുക്കലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാധ്യതാ ചെലവുകളിൽ ഉൾപ്പെടുന്ന പദ്ധതികൾ (ഇതിനോടകം പ്രവർത്തനം തുടങ്ങിയ/ആരംഭിച്ച പദ്ധതികൾ, കരാർ നൽകിയ പ്രവൃത്തി തുടങ്ങിയവ, സാധന സാമഗ്രികൾ, സർവ്വീസ് എന്നിവ ലഭ്യമായതിനുശേഷം പണം നൽകാനുള്ളവ, അതാത് വർഷം നൽകി വരുന്ന പെൻഷൻ തുക, ഇൻഷ്വറൻസ് |

| | |
|---|---|
| | പ്രീമിയം മുതലായവ) ഒഴിവാക്കികൊണ്ടുള്ള പദ്ധതി വിഹിതം മാത്രമേ 20% പദ്ധതി വെട്ടിച്ചുരുക്കലിനായി കണക്കിലെടുക്കാൻ പാടുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ മുൻഗണനാ ക്രമത്തിൽ ഭേദഗതി വരുത്തികൊണ്ട് പദ്ധതികൾ ഭാഗീകമായോ, പൂർണ്ണമായോ വെട്ടികുറയ്ക്കുവാനും അവയുടെ സ്ഥാനത്ത് അവശേഷിക്കുന്ന 80% പദ്ധതി വിഹിതത്തിൽ നിന്നുകൊണ്ട് പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. |
| ഡി) ഈ വിഷയത്തിൽ ഏതെങ്കിലും തലത്തിൽ ചർച്ചകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | മേൽ ഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**